## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6684 — 12.07.2012-ൽ മറുപടിക്ക്

### നീതിസ്റ്റോറുകളിലെ സെയിൽസ്മാൻമാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വി. ശ്രേയാംസ് കുമാർ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ നീതിസ്റ്റോറുകളിൽ കമ്മിഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന സെയിൽസ്മാൻമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (എ) സർക്കാരിന്റെ 04.01.2011-ലെ ജി.ഒ.(പി)3/11/സഹ. നമ്പർ ഉത്തരവ് പ്രകാരം നീതി സ്റ്റോർ ജീവനക്കാരെ 1969-ലെ സഹകരണ നിയമം 80-ാം വകുപ്പ് അപ്പെൻഡിക്സ് III-ൽ സീരിയൽ 4-ൽ ഐറ്റം നമ്പർ ഇ ആയി ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്തിട്ടുണ്ട്. ഓരോ നീതി സ്റ്റോറിനെയും പ്രതിമാസ വിൽപ്പനയുടെ അടിസ്ഥാനത്തിൽ എ,ബി,സി ആയി ക്ലാസിഫൈ ചെയ്ത് ഉത്തരവായിട്ടുണ്ട്. എ ക്ലാസിൽപ്പെട്ട നീതി സ്റ്റോറുകളിൽ പരമാവധി രണ്ടും മറ്റുള്ളവയിൽ ഒന്നിലധികരിക്കാതെയും സെയിൽസ്മാൻമാരെ നിയമിക്കാവുന്നതാണ്. എന്നാൽ നിലവിൽ ഒന്നിൽ കൂടുതൽ സെയിൽസ്മാൻമാരുള്ള സ്റ്റോറുകളിൽ, അവരിൽ ഒരാളെ ഭരണപരമായ സൗകര്യത്തിന് ഷോപ്പ് ഇൻചാർജ്ജായി ഭരണസമിതിക്ക നിയോഗിക്കാവുന്നതും, ഇവരിൽ ഒരാൾ പിരിഞ്ഞു പോകുന്ന അവസരത്തിൽ പ്രസ്തുത തസ്തികയിൽ പുനർ നിയമനം പാടില്ലാത്തതുമാണ്. |
| (ബി) 27-11-2010-ലെ 207/10/സഹ. നമ്പർ ഉത്തരവ് പ്രകാരം നീതി സ്റ്റോറുകളിൽ കമ്മിഷൻ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന എത്ര സെയിൽസ്മാൻമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് ; | (ബി) നീതി സ്റ്റോറുകളിൽ കമ്മിഷൻ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന 81 സെയിൽസ്മാൻമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. |
| (സി) പ്രസ്തുത ഉത്തരവ് നിലവിൽ വന്ന സമയത്തും അതിനുശേഷവും തുടർച്ചയായി സെയിൽസ്മാൻ തസ്തികയിൽ ജോലി ചെയ്തുവന്നവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ